# പതിനഞ്ചാം കേരള നിയമസഭ
# ഒന്നാം സമ്മേളനം
# ബഹു സ്പീക്കറുടെ റൂളിംഗ്

10-06-2021

## (8) വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ മേശപ്പുറത്ത് വയ്ക്കുന്നതിലെ കാലതാമസം

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും അക്കാദമി ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ അഡ്മിനിസ്ട്രേഷന്റെയും കേരള പബ്ലിക് സർവീസ് കമ്മീഷന്റെയും 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ റിപ്പോർട്ടുകൾ 01.06.2021-നാണ് സഭയിൽ സമർപ്പിച്ചതെന്നും ഇത്തരം റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച് റൂളിംഗ് ഉണ്ടാകണമെന്നും 2021 ജൂൺ 10-ാം തീയതി ധനകാര്യം പരിഗണിക്കുന്നതിനുമുമ്പായി പ്രതിപക്ഷത്തെ ഒരംഗം ആവശ്യപ്പെടുകയുണ്ടായി.

സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയാക്കുന്നതുൾപ്പെടെയുണ്ടാകുന്ന സാങ്കേതിക കാരണങ്ങളാണ് വാർഷിക റിപ്പോർട്ടുകൾ യഥാസമയം നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ കാലതാമസമുണ്ടാക്കിയതെന്നും ഇക്കാര്യത്തിൽ ഏതെങ്കിലും സ്ഥാപനങ്ങൾ ബോധപൂർവ്വമായ വീഴ്ച വരുത്തുന്നതായി

ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും വാർഷിക റിപ്പോർട്ടുകൾ കാലതാമസം കൂടാതെ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണെന്നും മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി*.

വാർഷിക ആഡിറ്റ് റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട സ്ഥാപനങ്ങൾ അതത് സാമ്പത്തിക വർഷം പൂർത്തിയായതിനുശേഷം ഒമ്പത് മാസത്തിനുള്ളിലും വാർഷിക റിപ്പോർട്ടുകൾ മാത്രം സമർപ്പിക്കേണ്ട സ്ഥാപനങ്ങൾ ആറ് മാസത്തിനുള്ളിലും അതിന് കഴിയാതെ വരുന്ന സന്ദർഭത്തിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് ചട്ടം 166 (ബി)-യിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അപ്രകാരം ലഭിക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി പരിശോധിച്ച് യുക്തമായ ശിപാർശകൾ സമർപ്പിക്കണം. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ (directions) ഉടൻ നൽകുന്നതാണ്.

---